# 21. ധവളപത്രം

ജൂലൈ പത്താം തീയതി പ്രസിദ്ധീകരിച്ച ധവളപത്രം പഞ്ചാബ് പ്രശ്നത്തിന്റെ ഒരു സമഗ്രചിത്രം നൽകുകയും അതു സംബന്ധിച്ച് ഇന്ത്യാഗവണ്മെന്റിന്റെ വീക്ഷണമെന്തെന്നു വ്യക്തമാക്കുകയും ചെയ്യുന്നു. ധവളപത്രത്തിൽ ആകെ 170 പേജ് ഉണ്ട്. ആദ്യത്തെ അമ്പത്താറു പേജുകളിൽ, പഞ്ചാബിലെ സംഭവങ്ങളുടെ വിവരണവും, അവയ്ക്ക് ഇന്ത്യാഗവണ്മെന്റ് നൽകുന്ന വ്യാഖ്യാനവും അടങ്ങിയിരിക്കുന്നു. അകാലികൾ ഉന്നയിച്ച ആവശ്യങ്ങൾ, അവരുമായി ഗവണ്മെന്റ് നടത്തിയ നീണ്ട ചർച്ചകൾ, തീവ്രവാദികൾ നടത്തിയ കൊലകളുടെയും കൊള്ളകളുടെയും കൊള്ളിവെപ്പുകളുടെയും മററും വിവരണങ്ങൾ, അക്രമത്തിനു പ്രേരണ നല്കുന്ന ഭിന്ദ്രൻവാലയുടെ പ്രസംഗങ്ങൾ മുതലായ 'അനുബന്ധങ്ങ'ളാണു ശേഷിച്ച നൂററിപ്പതിനാലും പേജുകളിൽ. സ്വർണക്ഷേത്രത്തിൽ തീവ്രവാദികൾ നിർമിച്ചിരുന്ന കൊത്തളങ്ങളും കിടങ്ങുകളും മററു പ്രതിരോധ സംവിധാനങ്ങളും അവിടെനിന്നു പിടിച്ചെടുത്ത ആയുധങ്ങൾ എന്നിവയുടെ ഇരുപത്തേഴ് ചിത്രങ്ങളും ഈ ധവളപത്രത്തിൽ ചേർത്തിരിക്കുന്നു. ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയായി വളർന്നിട്ടുണ്ട് പഞ്ചാബ്പ്രശ്നം. ഈ പ്രശ്നത്തെ സംബന്ധിച്ച അടിസ്ഥാന വസ്തുതകളെങ്കിലും ഇന്ത്യയിലെ ഓരോ പൗരനും മനസ്സിലാക്കിയിരിക്കേണ്ടതാണ്. 'ഹിന്ദു'പോലെ ചില പത്രങ്ങൾ മാത്രമാണ് 'ധവളപത്ര'ത്തിന്റെ സാമാന്യം പര്യാപ്തമായ സംക്ഷേപമെങ്കിലും പ്രസിദ്ധീകരിച്ചിട്ടുള്ളത്. 'ഓ, ഇതിലൊക്കെ എന്തു പുതുമ? ഇതൊക്കെ ഞങ്ങൾ എന്നേ അറിഞ്ഞതല്ലേ?' എന്ന നിലപാടാണ്, ധവളപത്രത്തിന്റെ കാര്യത്തിൽ പല പത്രങ്ങളും അംഗീകരിച്ചുകാണുന്നത്. സർക്കാർ പ്രസിദ്ധീകരിക്കുന്ന ഒരു രേഖയിൽ കാണുമെന്നു പ്രതീക്ഷിക്കേണ്ടതില്ലാത്ത ചില കാര്യങ്ങൾ—വിദേശീയ ഗവണ്മെന്റുകളുടെ കൈകടത്തൽ, സംഗതികൾ ഇത്രയും വഷളാക്കിയതിൽ ഭരണകക്ഷിക്കുള്ള ഉത്തരവാദിത്വം മുതലായവ സംബന്ധിച്ച വിവരങ്ങൾ—നൽകിയിട്ടില്ലെന്നതാണ് ധവളപത്രത്തെപ്പററി പ്രതിപക്ഷനേതാക്കളുടെ ആക്ഷേപം. എന്നാൽ, മൗലികപ്രാധാന്യമുള്ള ഈ പ്രശ്നത്തിൽ പ്രസക്തങ്ങളായ പല അടിസ്ഥാന വിവരങ്ങളും ധവളപത്രം നൽകുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചാരണം ധവളപത്രത്തിനു നൽകേണ്ടതാണെന്നു ഞാൻ കരുതുന്നു. ഇന്ത്യയിലെ എല്ലാ മുഖ്യഭാഷകളിലും ഈ രേഖ വിവർത്തനംചെയ്തു പ്രസിദ്ധീകരിക്കേണ്ടതാണ്. മലയാളത്തിൽ ഈ ധവളപത്രം വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്തുവാൻ കേരളാഗവണ്മെന്റിനോടു ഞാൻ അഭ്യർത്ഥിക്കുന്നു.

അകാലികൾ ഇപ്പോഴും ഊന്നിനില്ക്കുന്നത് 1973 ഒക്ടോബറിൽ അവർ പാസ്സാക്കിയ 'ആനന്ദ്പൂർ സാഹിബ് പ്രമേയ'ത്തിലാണ്. രാജ്യരക്ഷ, വിദേശബന്ധങ്ങൾ, തപാൽ—കമ്പിവകുപ്പുകൾ, നാണയവ്യവസ്ഥ, തീവണ്ടിഗതാഗതം എന്നിവയുടെ ചുമതലമാത്രം കേന്ദ്രഗവണ്മെന്റ് വഹിക്കുകയും, മററെല്ലാ ഭരണബാദ്ധ്യതകളും സ്റ്റേററുകൾക്കു വിട്ടുകൊടുക്കുകയും ചെയ്യുമാറു കേന്ദ്ര—സംസ്ഥാന ബന്ധങ്ങൾ അടിസ്ഥാനപരമായി മാററിത്തീർക്കണമെന്നതാണ് ഈ പ്രമേയത്തിലെ കേന്ദ്രാവശ്യം. ഈ ആവശ്യം അംഗീകരിക്കുന്നതിനർത്ഥം, ഇന്ന് ഒന്നായ ഇന്ത്യ പല

രാഷ്ട്രങ്ങളായി ചിതറിപ്പോവുകയെന്നതാണ്. ഒരു രാഷ്ട്രമെന്ന നില ഇന്ത്യയ്ക്ക് ഇല്ലാതാവുക എന്നതാണ്. അകാലികളുടെ ഈ ആവശ്യത്തെ സ്വാതന്ത്ര്യബോധമുള്ള ഓരോ ഇന്ത്യാക്കാരനും എതിർത്തു തോല്പിക്കുകതന്നെ വേണം. 1973-ൽ പാസ്സാക്കിയെങ്കിലും ഈ പ്രമേയത്തിന്റെ അധികൃതരൂപം 1982—ൽ മാത്രമാണ് അകാലികൾ പ്രസിദ്ധീകരിച്ചത്. അപ്പോഴേക്കും, ഇന്ത്യയിൽനിന്നു വിട്ട്, പഞ്ചാബിൽ സ്വതന്ത്രമായ ഒരു 'ഖാലിസ്ഥാൻ' ഉണ്ടാക്കിയെടുക്കുന്നതിനുള്ള പ്രക്ഷോഭണത്തിനു ഭദ്രമായ അടിസ്ഥാനം ഉണ്ടായിക്കഴിഞ്ഞതായി അകാലികൾ കരുതിയിരിക്കണം. 'സിഖ്കാരുടെയും സിഖ്ധർമത്തിന്റെയും താല്പര്യങ്ങൾക്കു പ്രത്യേക സംരക്ഷണം നൽകുന്ന ഒരൊററ ഭരണഘടകം' രൂപവത്ക്കരിക്കണമെന്നതാണ് ആനന്ദ്പൂർ പ്രമേയത്തിലെ മറെറാരു മുഖ്യാവശ്യം. ഈ രണ്ട് ആവശ്യങ്ങളും കൂട്ടിയിണക്കി, അകാലികൾ ആഗ്രഹിക്കുന്നതെന്ത് എന്നതു സംബന്ധിച്ച ന്യായമായ നിഗമനത്തിൽ ആർക്കും ചെന്നെത്താവുന്നതേയുള്ളു.

അകാലി പ്രക്ഷോഭണത്തിൽ നാലു വ്യത്യസ്തഘടകങ്ങൾ ഉൾച്ചേർന്നിരുന്നതായി ധവളപത്രം പറയുന്നു. ഇതിലൊന്ന്, ആനന്ദ്പൂർ പ്രമേയാടിസ്ഥാനത്തിലുള്ള, 'ധർമയുദ്ധം' (അതായത്, മതയുദ്ധം) എന്നു വിളിക്കപ്പെട്ടിരുന്ന അകാലികളുടെ പ്രക്ഷോഭണ പരമ്പരകളാണ്. ഇതോടൊപ്പം ഇഴുകി ഒന്നായിച്ചേർന്നിരുന്ന മറെറാരു ഘടകം, നിസ്സഹായരും നിഷ്കളങ്കരുമായ പൗരന്മാർക്കും ഭരണകൂടത്തിനുമെതിരെ ക്രൂരമായ ഹിംസയടക്കം എന്തു് അക്രമവും അഴിച്ചുവിടുന്നതിൽ ചെന്നെത്തിയ, പ്രകടനാത്മകമാംവിധം സാമുദായികമായ ഭിന്ദ്രൻവാലേയുടെ തീവ്രവാദപ്രസ്ഥാനമാണ്. ഇന്ത്യയിൽനിന്നുവിട്ട് സിഖ്കാർ തങ്ങളുടെ വ്യത്യസ്ത രാഷ്ട്രമായ ഖാലിസ്ഥാൻ സ്ഥാപിക്കണമെന്നു വാദിക്കുന്ന ദേശീയ വിരുദ്ധ പ്രസ്ഥാനമാണു മൂന്നാമത്തെ ഘടകം. അകാലിപ്രക്ഷോഭണം സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽനിന്നു മുതലെടുക്കാൻ അതിൽ ചെന്നുചേർന്ന സ്ഥിരം കുററവാളികൾ, കള്ളക്കടത്തുകാർ, മററു സാമൂഹ്യവിരുദ്ധന്മാർ, നക്സലൈററുകൾ മുതലായവർ പഞ്ചാബ് ദുരന്തനാടകത്തിലെ നാലാമത്തെ ഘടകമായിരുന്നു എന്ന് ധവളപത്രം രേഖപ്പെടുത്തുന്നു. ഒടുവിലൊടുവിൽ പ്രക്ഷോഭണം വിദേശത്തുനിന്നു പ്രവർത്തിക്കുന്ന ഖാലിസ്ഥാൻകാരുടെ നിയന്ത്രണത്തിലായി. പ്രക്ഷോഭണത്തിന്റെ മുഖ്യചുമതല ഭീകരപ്രവർത്തകർ ഏറെറടുക്കുകയുംചെയ്തു.

അകാലിപ്രക്ഷോഭണത്തെ മറയായി ഉപയോഗിച്ച് ഖാലിസ്ഥാൻവാദികളും ഭീകരപ്രവർത്തകരും ഗുരുദ്വാരകളിൽ ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങി സംഭരിക്കുകയും, ഗുരുദ്വാരകളെ താവളമാക്കി കൊലപാതകങ്ങൾ, അട്ടിമറികൾ, കൊള്ളിവെപ്പുകൾ, കൊള്ളകൾ എന്നിവ സംഘടിപ്പിക്കുകയുംചെയ്തു. ഇന്ത്യയിലും വിദേശങ്ങളിലും നിർമിച്ച 1042 ആയുധങ്ങൾ സുവർണക്ഷേത്രത്തിൽനിന്നുതന്നെ സൈന്യം പിടിച്ചെടുക്കുകയുണ്ടായി. ഇവയിൽ 41 ലഘുമെഷീൻഗണ്ണുകളും 57 സ്റ്റെൻഗണ്ണുകളും പലതരം റൈഫിളുകളും രണ്ട് ആൻറി ടാങ്ക് ആയുധങ്ങളും 128 മൈനുകളും ഉൾപ്പെടുന്നു. ഗ്രനേഡുകളും സ്റ്റെൻഗണ്ണുകളും നിർമിക്കുന്നതിനുള്ള രണ്ടു ഫാക്ടറികൾ സുവർണക്ഷേത്രത്തിൽത്തന്നെ പ്രവർത്തിച്ചിരുന്നു. വാർത്താവിനിമയത്തിനുപയോഗിച്ചിരുന്ന ഒരു ഹൈപവർ ട്രാൻസ്മിററർ—റെസീവറും സുവർണക്ഷേത്രത്തിൽനിന്നു കിട്ടുകയുണ്ടായി. ഈ സാധനങ്ങളെല്ലാം എങ്ങനെ അവിടെയെത്തിയെന്നതു സംബന്ധിച്ച പര്യാപ്തമായ സൂചനകൾ ധവളപത്രത്തിലുണ്ട്. പാകിസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന 'ജമ്മു—കാശ്മീർ—ലിബറേഷൻ ഫ്രണ്ട്' എന്ന സംഘടനയും, വിദേശങ്ങളിൽ പാർക്കുന്ന ഖാലിസ്ഥാൻ വാദികളും, പാകിസ്ഥാൻ

സർക്കാരിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരും, അതിർത്തികടത്തി ഈ ആയുധങ്ങൾ ഭീകരപ്രവർത്തകർക്ക് എത്തിച്ചുകൊടുക്കുന്നതിൽ വഹിച്ച പങ്ക് ധവളപത്രം ശ്രദ്ധിച്ചുവായിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ഭീകരന്മാർ ഇന്ത്യയ്ക്കകത്തുനിന്നു കുറെയധികം ആയുധം ശേഖരിച്ചതെങ്ങനെയെന്ന് ധവളപത്രത്തിൽ സ്പഷ്ടമായിത്തന്നെ പറഞ്ഞിട്ടുണ്ട്.

എണ്ണത്തിൽ പെരുകിവരുന്ന അകാലികളുടെ ആവശ്യങ്ങളെ സംബന്ധിച്ചും, 1981 മുതൽ അകാലികളുമായി ഇന്ത്യാഗവൺമെൻറ് നിരന്തരം നടത്തിവന്ന കൂടിയാലോചനകളെക്കുറിച്ചും ധവളപത്രം വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്തുകൊണ്ട് ഈ കൂടിയാലോചനകളെല്ലാം വിഫലമായി? പ്രക്ഷോഭണങ്ങളുടെ നിയന്ത്രണം അതിനകം കൈയടക്കിയിരുന്ന വിദേശങ്ങളിലെ ഖാലിസ്ഥാൻ വാദികളും ഗുരുദ്വാരകളിലെ ഭീകരപ്രവർത്തകരും ഒത്തുതീർപ്പിലൂടെ പ്രശ്നപരിഹാരത്തിനു തയ്യാറാവാതിരുന്നതാണു കൂടിയാലോചനകളെല്ലാം അലസിപ്പിരിഞ്ഞതിൻെറ യഥാർത്ഥകാരണമെന്ന്, പാർട്ടിപ്പക്ഷപാതം കൂടാതെ ധവളപത്രം വായിക്കുന്നവർക്കു വിശദമാവും. കുരുക്ഷേത്രത്തിൽ ധൃതരാഷ്ട്രർപോലെ, അകാലികളിൽ തലമുതിർന്നവർ പിന്നെപ്പിന്നെ, ഈ ദുരന്തത്തിൽ മൂകസാക്ഷികൾ മാത്രമായിത്തീർന്നു.

വിദേശങ്ങൾ താവളമാക്കി വിഘടനപ്രക്ഷോഭണം നയിക്കുന്ന സിഖ്സംഘടനകളെപ്പററി പല വിവരങ്ങളും ധവളപത്രം നൽകുന്നുണ്ട്. ജഗജീത്സിംഗ് ചൗഹാൻെറ നേതൃത്വത്തിൽ ബ്രിട്ടൻ, അമേരിക്ക, കാനഡ, പടിഞ്ഞാറെ ജർമനി എന്നീ രാജ്യങ്ങൾ താവളമാക്കി പ്രവർത്തിക്കുന്ന ഖാലിസ്ഥാൻ നാഷനൽ കൗൺസിൽ, ബ്രിട്ടനിലും പടിഞ്ഞാറെ ജർമനിയിലും മുഖ്യകേന്ദ്രങ്ങളുള്ള ദൽഖാൽസ, കാനഡയിലെ വാൻകോവറിൽനിന്നു പ്രവർത്തിക്കുന്ന ബബ്ബർ ഖാൽസ, ബ്രിട്ടനിലും കാനഡയിലും കേന്ദ്രങ്ങളുള്ള അഖണ്ഡ് കീർത്തനീജഥ എന്നിവയാണ് ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടവ. ജഗ്ജീത്സിംഹ് ചൗഹാൻ വിദേശങ്ങളിൽ പ്രത്യേകിച്ച് അമേരിക്കയിൽ, ഇന്ത്യാവിരുദ്ധപ്രചാരവേലകളിൽ മുഴുകിയിരിക്കുകയാണ്. ഖാലിസ്ഥാൻ വകയായി പാസ്പോർട്ടുകളും തപാൽമുദ്രകളും കറൻസിനോട്ടുകളും ഇയാൾ അടിച്ചിറക്കിയിട്ടുണ്ട്. ഖാലിസ്ഥാൻ പാസ്പോർട്ടുകളെ പാകിസ്ഥാൻ അംഗീകരിക്കുന്നതായും കേൾക്കുന്നു. ഖാലിസ്ഥാൻ നാഷനൽ കൗൺസിലിൻെറ സെക്രട്ടറി ബെൽബീർ സിംഹ്സന്ധു 1984 ജനവരി 26-ാം തീയതി സുവർണക്ഷേത്രത്തിൽ ഖാലിസ്ഥാൻപതാക ഉയർത്തുകയുണ്ടായി.

1981 സെപ്റ്റംബറിൽ ഒരു ഇന്ത്യൻ എയർലൈൻസ് വിമാനം പാകിസ്ഥാനിലേക്കു തട്ടിക്കൊണ്ടുപോയി ചുട്ടുകളഞ്ഞ ദൽഖാൽസ, ഹിംസയിലൂടെ ഒരു സ്വതന്ത്രസിഖ്രാഷ്ട്രം പഞ്ചാബിൽ സ്ഥാപിക്കാൻവേണ്ടി നിലകൊള്ളുന്നു. പത്രാധിപർ ലാലാ ജഗത് നാരായണൻ, പോലീസ്ഡെപ്യൂട്ടി ഐ. ജി. അത്‌വാൽ മുതലായ പലരുടെയും കൊലയുടെ ഉത്തരവാദിത്വം ഈ സംഘടന ഏറെറടുത്തിട്ടുണ്ട്. ഈ സംഘടനകളെല്ലാം തങ്ങളുടെ കാര്യസാദ്ധ്യത്തിനു പാകിസ്ഥാൻെറ സഹായത്തെയാണ് ഉററുനോക്കുന്നത്.

1984 ജൂൺ 6-ാം തീയതിയും തുടർന്നുള്ള ദിവസങ്ങളിലും ഇന്ത്യൻ സൈന്യം സുവർണക്ഷേത്രത്തിലും, പഞ്ചാബിലെ മററു ചില ഗുരുദ്വാരകളിലും പ്രവേശിച്ചതിൻെറ പൂർണവിവരങ്ങൾ ധവളപത്രത്തിലുണ്ട്. പത്രങ്ങളിൽ ചിതറി അവ്യവസ്ഥിതമായി ചേർത്തിരുന്ന ഈ വിവരങ്ങൾ ക്രമബദ്ധമായും, വസ്തുനിഷ്ഠമായും ധവളപത്രത്തിൽ പ്രതിപാദിക്കുന്നു എന്നതാണു പ്രസക്തം.

പഞ്ചാബ് പ്രക്ഷോഭണം ഉയർത്തുന്ന ചില അടിസ്ഥാനപരങ്ങളായ പ്രശ്നങ്ങൾ ധവളപത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. വിഭിന്ന ഭാഷകൾ സംസാരിക്കുന്നവരും വ്യത്യസ്ത മതവിശ്വാസങ്ങൾ പുലർത്തുന്നവരുമായ അനേകം ജനവിഭാഗങ്ങൾ വസിക്കുന്ന, ജനാധിപത്യ ഭരണക്രമം പുലരുന്ന, ഇന്ത്യയുടെ അഖണ്ഡതയോടു മാത്രമല്ല, നിലനില്പിനോടു തന്നെ ബന്ധപ്പെട്ടവയാണ് ഈ പ്രശ്നങ്ങൾ. ആരാധനാമന്ദിരങ്ങളിൽ ആയുധങ്ങൾ കരുതിവയ്ക്കാമോ? ആരാധനാമന്ദിരങ്ങളെ അക്രമികളുടെയും തെമ്മാടികളുടെയും താവളങ്ങളാക്കാമോ? രാഷ്ട്രത്തിന്റെ മതനിരപേക്ഷതയെന്ന അസ്തിവാരം തകരാതെ സംരക്ഷിക്കേണ്ടതെങ്ങനെ? പഞ്ചാബിൽ മാത്രമല്ല ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളിലും, ഇന്നു മാത്രമല്ല എന്നും, പ്രസക്തിയുള്ള ഈ പ്രശ്നങ്ങൾക്കു നാം സമാധാനം കണ്ടേമതിയാവൂ.

വിശാലതരങ്ങളായ അന്താരാഷ്ട്രീയ സംഭവവികാസങ്ങളുമായി ബന്ധപ്പെടുത്തിവേണം പഞ്ചാബ് പ്രശ്നത്തെ കാണേണ്ടതെന്നു ധവളപത്രം പ്രസ്താവിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അടിത്തറ തകർക്കുന്നതിനു പ്രബലങ്ങളായ ശക്തികൾ പരിശ്രമിച്ചുവരുന്നുണ്ട്. കൃഷിയിലും വ്യവസായത്തിലും വളരെയേറെ പുരോഗമിച്ച, തന്ത്രപ്രാധാന്യമുള്ള, അതിർത്തിസംസ്ഥാനമായ പഞ്ചാബിനെ ഈ ശക്തികൾ അട്ടിമറിപ്രവൃത്തികൾക്കുള്ള കളമായി തിരഞ്ഞെടുക്കുക എന്നതു സ്വാഭാവികം മാത്രം. തുടർച്ചയായി പുറമേ നിന്നു് ഉണ്ടായ അക്രമങ്ങൾക്ക് ഇന്ത്യയുടെ ഐക്യം തകർക്കാൻ സാധിച്ചിട്ടില്ല. ആഭ്യന്തരകലാപങ്ങളിലൂടെ തങ്ങളുടെ ലക്ഷ്യം നേടാനുള്ള ശ്രമമാണ് ഈ വിദേശശക്തികൾ ഇപ്പോൾ നടത്തുന്നതു്. അതിനു് അവർ മതത്തെ കൂട്ടുപിടിച്ചിരിക്കുന്നു.

പഞ്ചാബ്പ്രശ്നത്തെ അതിന്റെ ആഴത്തിലും പരപ്പിലും കാണുന്നതിനു സാധാരണ പൗരന്മാർക്കു് ധവളപത്രം ഉപകരിക്കുമെന്നു് ഇത്രയും പറഞ്ഞതിൽനിന്നു സ്പഷ്ടമായിരിക്കുമല്ലോ. പഞ്ചാബിലെ വിഘടനവാദത്തിന്റെ വളർച്ചയുടെ ഉത്തരവാദിത്വം ആർക്കാണെന്ന തർക്കം ഇനിയും അവസാനിച്ചിട്ടില്ല. സത്യത്തിൽ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയപ്പാർട്ടികൾക്കും ഈ ഉത്തരവാദിത്വം ഏറിയോ കുറഞ്ഞോ പങ്കിട്ടുകൊടുക്കേണ്ടിവരും. പഞ്ചാബ്പ്രശ്നം പരിഹരിക്കുന്നതിൽ കേന്ദ്രഗവണ്മെൻറിനു് ഇന്നോളം പരാജയമാണുണ്ടായിട്ടുള്ളതു് എന്ന കാര്യത്തിലും സംശയമില്ല. സുവർണക്ഷേത്രത്തിലെ സൈനികനടപടി തല്ക്കാലത്തേക്കുള്ള ഒരു 'അടക്കംവയ്ക്കൽ' മാത്രമേ ആയിട്ടുള്ളു. പിണങ്ങിനില്ക്കുന്ന സിഖ്ജനതയെ ദേശീയജീവിതത്തിന്റെ മുഖ്യധാരയിലേക്കു തിരിച്ചുകൊണ്ടുവരികയെന്നതാണ് പഞ്ചാബ്പ്രശ്നത്തിന്റെ ആത്യന്തികപരിഹാരം. ബ്രിട്ടീഷ് വാഴ്ചക്കാലത്തു് ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യം ഭാരതീയ ജനതയുടെ മുഴുവൻ ലക്ഷ്യമായിരുന്നതുപോലെ, ഇന്ത്യയിലെ വ്യത്യസ്ത മതവിഭാഗങ്ങളെ മുഴുവൻ ദേശീയജീവിതത്തിൽ അലിയിച്ചു് ഏകീകരിക്കുകയെന്നതു സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ നമ്മുടെ മുഖ്യലക്ഷ്യമാകേണ്ടതായിരുന്നു. ഈ ലക്ഷ്യത്തെ ഇപ്പോഴെങ്കിലും ശരിയായ ഫോക്കസ്സിൽ കൊണ്ടുവരുന്നതിനു് ഉപകരിക്കുമെങ്കിൽ, പഞ്ചാബിലെ ദുരന്തസംഭവങ്ങൾ ഉർവശീശാപംപോലെ നമുക്കു് ഉപകാരമായിത്തീരുമായിരുന്നു. പക്ഷേ, അടുത്ത തെരഞ്ഞെടുപ്പിൽമാത്രം കണ്ണുനട്ട നമ്മുടെ രാഷ്ട്രീയ പാർട്ടികൾ തങ്ങൾക്കു് അധികാരം നേടാനും മററുള്ളവരെ അധികാരത്തിൽനിന്നു തെറിപ്പിക്കുവാനുമുള്ള പരിശ്രമത്തിൽ പഞ്ചാബ്പ്രശ്നത്തെയും കരുവാക്കി മാററുന്നതാണ് നിർഭാഗ്യവശാൽ, ഇന്നു നാം കാണുന്നതു്. ഈ വ്യതിയാനത്തിന്റെ ദുഷ്ഫലം ഒഴിവാക്കുവാൻ ചെ

യുണ്ടതു് ഈ പ്രശ്നത്തിന്റെ ശരിയായ രൂപവും പശ്ചാത്തലവും ബഹു ജനങ്ങൾക്ക വിവരിച്ചുകൊടുക്കുകയാണു്, ധവളപത്രം തീർച്ചയായും ഇതിനു് ഉപകരിക്കും. അതുകൊണ്ടാണു് ജനങ്ങൾക്കു്, അവരവരുടെ ഭാഷയിൽ അതെത്തിച്ചുകൊടുക്കണമെന്നു് ആദ്യം പ്രസ്താവിച്ചതു്.

(29 ജൂലൈ, 1984)

## 22. അറിയപ്പെടാത്ത അമൃതസരസ്സ്

ഭിന്ദ്രൻവാലേയുടെ ഭീകരന്മാരും ഇന്ത്യൻ സേനയിലെ ജവാന്മാരും തമ്മിൽ നടന്ന രക്തരൂഷിതമായ ഏറ്റുമുട്ടലിന്റെ രംഗമെന്ന നിലയിൽ അമൃതസരസ്സ് ഇന്നു ചൂടുള്ള പത്രവാർത്തയാണു്. എങ്കിലും, പഞ്ചാബികൾ അല്ലാത്ത ഇന്ത്യാക്കാരുടെ ധാരണയിൽ, ഈ നഗരത്തിനുള്ളതു മതപരമായ പ്രാധാന്യം മാത്രമാകുന്നു. സുവർണക്ഷേത്രം പ്രധാനംതന്നെ. എന്നാൽ, ഏറെക്കുറെ തിരുവനന്തപുരം നഗരത്തിൽ പത്മനാഭസ്വാമിക്ഷേത്രത്തിനുള്ള സ്ഥാനമേ അമൃതസരസ്സ്നഗരത്തിൽ സുവർണക്ഷേത്രത്തിനുള്ളൂ. സാമ്പത്തികമായി വളർച്ച നേടിയ ഇന്ത്യൻസംസ്ഥാനങ്ങളിൽ പ്രഥമഗണനീയമായ പഞ്ചാബിന്റെ വ്യാവസായികതലസ്ഥാനമാണു് അമൃതസരസ്സ്. പഞ്ചാബിന്റെ ഔദ്യോഗിക തലസ്ഥാനം ചണ്ഡീഗഢ് ആണെങ്കിൽ, അമൃതസരസ്സ് ആ സംസ്ഥാനത്തിന്റെ അനൗദ്യോഗിക തലസ്ഥാനമായി അറിയപ്പെട്ടിരുന്നു. 1965–ലും 1971–ലും നടന്ന ഇന്ത്യാ–പാകിസ്ഥാൻ യുദ്ധങ്ങൾ ഈ അതിർത്തിനഗരത്തിന്റെ വ്യാവസായിക വളർച്ചയെ വളരെയൊന്നും ബാധിക്കുകയുണ്ടായില്ല. ഭിന്ദ്രൻവാലേയുടെ ഭീകരപ്രസ്ഥാനം ശക്തിയാർജ്ജിക്കുകയും, കൊള്ളകളുടെയും കൊലകളുടെയും പിടിച്ചുപറികളുടെയും ഫലമായി സംസ്ഥാനത്തിലെങ്ങും അരക്ഷിതാവസ്ഥ ഉളവാകുകയും ചെയ്യുംവരെ സമൃദ്ധിയുടേതായ അന്തരീക്ഷമായിരുന്നു അമൃതസരസ്സിൽ.

കമ്പിളി, പരുത്തിത്തുണി എന്നിവയുടെ നിർമാണത്തിൽ, ഉത്തരഭാരതത്തിലെ ഏറ്റവും വലിയ കേന്ദ്രം അമൃതസരസ്സായിരുന്നു. അടുത്ത കാലത്തായി നൈലോൺ, റയോൺ മുതലായ കൃത്രിമ തുണിയിനങ്ങളും ഇവിടെ ധാരാളമായി ഉല്പാദിപ്പിച്ചുവന്നിരുന്നു. ഇന്ത്യയിൽ ആകെ നിർമിക്കുന്ന കമ്പിളിത്തുണിയുടെ തൊണ്ണൂറു ശതമാനവും ഉല്പാദിപ്പിച്ചിരുന്നതു് അമൃതസരസ്സിലാണു്. തുണിയിൽ പ്രിൻറിങ്, ഫിനിഷിങ് എന്നിവ നടത്തുന്ന വലിയതും ഇടത്തരവുമായ അറുപതോളം മില്ലുകൾ അമൃതസരസ്സിലുണ്ടു്. മുപ്പതിനായിരത്തോളം ആളുകൾക്കു് ഈ മില്ലുകൾ തൊഴിൽ നൽകിവന്നു. അമൃതസരസ്സിൽ തുന്നൽപ്പണിയുള്ള ഷാളുകൾ മാത്രം, ആണ്ടുതോറും ഇരുപത്തഞ്ചുകോടി രൂപ വിലയ്ക്കു വിററിരുന്നു.

ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി അമൃതസരസ്സിലെ തുണിയുല്പാദനം അറുപതു ശതമാനത്തിലേറെ കുറഞ്ഞിരിക്കയാണു്. വ്യാപാരവും ഏറെക്കുറെ ഇതേ അനുപാതത്തിലോ അധികമായോ തളർന്നുപോയിരിക്കുന്നു.

തുണിക്കുപുറമേ മോട്ടോർ സ്പെയർ പാർട്ടുകൾ, കാർഷികയന്ത്രങ്ങൾ, അച്ചടിയന്ത്രങ്ങൾ, അലോപ്പതി–ആയുർവേദമരുന്നുകൾ, ചായങ്ങൾ, സോപ്പ്, ഭക്ഷ്യപദാർത്ഥങ്ങൾ, പൗഡർപോലെയുള്ള പ്രസാധനവസ്തു